**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4333** — **21.03.2018-ൽ മറുപടിക്ക്**

## <u>എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റുകളുടെ കാലാവധി</u>

ചോദ്യം

**ശ്രീ.പാറക്കൽ അബ്ദുല്ല**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർവ്വീസിലെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ മുൻ പി.എസ്.സി. ലിസ്റ്റിൽ നിന്നും 2661 പേരെ സൂപ്പർ ന്യൂമററി തസ്തികകളിലേക്ക് നിയമിച്ചതുമൂലം നിലവിലെ ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളുടെ എണ്ണം കുറഞ്ഞതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിന്റെ കാലാവധിയിൽത്തന്നെ പോലീസ് വകുപ്പിലെ 549 ഉം ആരോഗ്യവകുപ്പിലെ 421ഉം സൂപ്പർ ന്യൂമററി തസ്തികകൾ ആശ്രിത നിയമനത്തിനായി മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | എൽ.ഡി.സി നിയമന ചരിത്രത്തിലെ ഏറ്റവും കുറവ് നിയമനങ്ങൾ മാത്രം നടന്നിട്ടും ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യണമെന്ന ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് | (സി) യും (ഡി) യും | 30.03.2015ൽ നിലവിലുണ്ടായിരുന്ന എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ |

| | | | |
|---|---|---|---|
| | വകവയ്ക്കാതെ വിവിധ വകുപ്പുകൾ ഒഴിവുകൾ പൂഴ്ത്തി വച്ചിരിക്കുകയാണെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ; | | ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30.03.2015ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31.03.2015ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എൽ.ഡി.സി.റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാവുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ |
| (ഡി) | എങ്കിൽ വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക് ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018 നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17.03.2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ